(സി) പൊറ്റൂർ പ്രദേശത്തെ ഇരുപത്തിയഞ്ചോളം യൂണിറ്റുകളെ യോജിപ്പിച്ച് ഒരു ക്ലസ്റ്റർ വിഭാവനം ചെയ്തിട്ടുണ്ട്. ഈ സ്ഥലത്ത് ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് പരിശോധിച്ച ശേഷം ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

കുറ്റ്യാടി നാളികേര പാർക്ക്

200 (6651) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ കുറ്റ്യാടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിന്റെ സ്ഥലമെടുപ്പ് നടപടികളിൽ പൂർത്തിയാക്കുവാൻ ബാക്കിയുള്ളത് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ കുറ്റ്യാടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിനുള്ള സ്ഥലമെടുപ്പിൽ തണ്ടപ്പേർ നടപടികൾ മാത്രം പൂർത്തിയാക്കിയിട്ടില്ല.

(ബി) പ്രസ്തുത സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി 115 ഏക്കർ ഭൂമി ഏറ്റെടുക്കുകയും ഇതുവരെ 4.78 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

കൊട്ടാരക്കര താലൂക്കിൽ പെനനാനുമതിയുള്ള പാറമടകൾ

201 (6652) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ പെനനാനുമതി ഉള്ള പാറമടകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പെർമിറ്റിനു വിരുദ്ധമായി പ്രവർത്തനം നടത്തിയ പാറമടകൾക്ക് എതിരെ മൈനിംഗ്&ജിയോളജി വകുപ്പ് എടുത്ത നടപടികൾ വിശദമാക്കുമോ ;

(സി) നടപടികളുടെ ഭാഗമായി എത്ര തുക പിഴശിക്ഷയായി ഈടാക്കിയിട്ടുണ്ട് ; ഏതെല്ലാം കമ്പനികൾക്കെതിരെ നടപടി എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര താലൂക്കിൽ പെനനാനുമതിയുള്ള 100 പാറമടകൾ ഉണ്ട്. പെർമിറ്റ് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെർമിറ്റിന് വിരുദ്ധമായും പെർമിറ്റ് സമ്പാദിക്കാതെയും സഹകാര്യ ഭൂമിയിൽ ഖനനപ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ളവരിൽനിന്ന് കേരള മൈനർ മിനറൽ കൺസൻഷൻ ചട്ടപ്രകാരം റോയൽറ്റി/പിഴ എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമിയിൽ നടക്കുന്ന അനധികൃത ഖനനം ശ്രദ്ധയിൽപ്പെടുമ്പോൾ റവന്യൂവകുപ്പ് മുഖേന നിയമനടപടികൾ സ്വീകരിക്കുന്നു.

(സി) 2013-14 സാമ്പത്തിക വർഷം കൊട്ടാരക്കര താലൂക്കിൽ മാത്രം 31,42,329 രൂപ (മുപ്പത്തി ഒന്ന് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി മൂന്നൂറ്റി ഇരുപത്തി ഒമ്പത്) പിഴയായി ഈടാക്കിയിട്ടുണ്ട്. നിയമനടപടികൾക്ക് വിധേയമായ കാര്യങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

മണിയാട്ട് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സാമ്പത്തിക പ്രതിസന്ധി

202 (6653) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മാണിയാട്ട് വീവേഴ്സ് ഇൻഡസ്ട്രിയൽ (വർക്ക്ഷോപ്പ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2010 മുതലുള്ള റിബേറ്റ് കുടിശ്ശിക ലഭിക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തുണി വിറ്റുവരവ് എസ്.ബി. അക്കൗണ്ടിൽ അടയ്ക്കുന്നതിന് പകരം ആർ.ബി.ഐ.സി.സി. അക്കൗണ്ടിൽ അടയ്ക്കണമെന്ന് ഉത്തരവു നിലവിലുണ്ടോ ;

(സി) മാണിയാട്ട് വീവേഴ്സ് സൊസൈറ്റിക്ക് റിബേറ്റ് നൽകുന്നതിന്റെ ഫലമായി സംഘവും തൊഴിലാളികളും നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കൈത്തറി ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറുടെ സർക്കുലർ പ്രകാരം റിബേറ്റ് കാലയളവിലെ തുണി വിറ്റുവരവ് തുകയുടെ 60% ൽ കുറയാത്ത തുക ആർ.ബി.ഐ.സി.സി. അക്കൗണ്ടിൽ അടയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റിബേറ്റ് കാലയളവിലെ വില്പന തുക സി.ഡി. അക്കൗണ്ടിൽ അടയ്ക്കുന്നതിനുപകരം എസ്.ബി. അക്കൗണ്ടുണ്ടിൽ അടച്ചതുമൂലമാണ് റിബേറ്റ് ലഭിക്കാത്തത്. എന്നാൽ, ആർ.ആർ.ആർ. പാക്കേജ് നടപ്പിലാക്കുന്നതു വരെ എസ്.ബി. അക്കൗണ്ടിൽ പണം അടച്ചവർക്കും റിബേറ്റ് നൽകാവുന്നതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 2012-13 വർഷത്തെ റിബേറ്റ് അപേക്ഷകൾ പരിശോധിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി

LIBRARY ARCHIVES Kerala Legislative Assembly